9933
29/4/17

കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്- കോതമംഗലം ഡിവിഷനിലെ തൊട്ടുപുഴ റെയിഞ്ചിലെ വൻതോതിലുള്ള വനംകൊള്ള-വിരമിച്ച ശ്രീ.റ്റി.വി.സോമൻ, ഫോറസ്റ്റർ ഫയൽചെയ്ത ഒ.എ.488/2016 ലെ അന്തിമ കോടതി ഉത്തരവ് പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 148/2017/വനം തീയതി, തിരുവനന്തപുരം, 15.04.2017.

പരാമർശം:- 1) വിജിലൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ 22.05.2000 ലെ വി.ഇ 3-2233/2000 നമ്പർ റിപ്പോർട്ട്

2) ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ 07.08.2001 ലെ ബി3-17545/2000 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3) ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ 16.04.2003 ലെ ബി3-17545/2000 നമ്പർ ഉത്തരവ്

4) കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 28.10.2004 ലെ എൽ2-3740/2001 നമ്പർ ഔപചാരികാന്വേഷണ റിപ്പോർട്ട്.

5) 16.7.2011 ലെ 64/എ 1/2005/വനം നമ്പർ സർക്കാർ കത്ത്

6) 04.07.2014 ലെ 64/എ 1/2005/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

7) 06.10.2014, 04.04.2015 എന്നീ തീയതികളിൽ ശ്രീ.റ്റി.വി.സോമൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) സമർപ്പിച്ച വിശദീകരണം

8) 21.05.2015, 29.07.2015 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റുടെ ബി3-17545/2000 നമ്പർ കത്തുകൾ

9) സ.ഉ.(സാധാ) നം.552/2015/വനം തീയതി 23.12.2015

10) ശ്രീ.റ്റി.വി.സോമൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) ഫയൽ ചെയ്ത ഒ.എ.488/2016 കേസിലെ 28.10.2016 ലെ അന്തിമ ഉത്തരവ്

11) 03.02.2017 ലെ 486833/എ 1/2016/വനം നമ്പർ പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ്

12) 02.03.2017 തീയതിയായി ശ്രീ.റ്റി.വി.സോമൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച വിശദീകരണം

## ഉത്തരവ്

തൊട്ടുപുഴ റെയിഞ്ചിൽ അനധികൃത മരംമുറിയും കയ്യേറ്റവും നടക്കുന്നതായി ഇടുക്കി ജനതാദൾ നിർവ്വാഹക സമിതി അംഗങ്ങളായ സർവ്വശ്രീ.കെ.എൻ.റോയിയും, വി.കെ.ഉമ്മറും സംയുക്തമായി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വനം വകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി

പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അതിൽ നിന്നും തൊടുപുഴ റെയിഞ്ചിലെ വേളൂർ സെക്ഷൻ പരിധിയിൽ അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് തൊടുപുഴ ഫ്ലൈയിംഗ് സ്ക്വാഡ് 03.04.2000 ൽ ഒ.ആർ.3/2000, ഒ.ആർ.4/2000, 08.04.2000 ൽ ഒ.ആർ.6/2000 എന്നീ കേസുകൾ രജിസ്റ്റർ ചെയ്തതായും, കൂടാതെ തൊടുപുഴ റെയിഞ്ചിൽ പെരിങ്ങാശ്ശേരി സെക്ഷനിൽ നിന്നും, അനധികൃതമായി മരങ്ങൾ മുറിച്ചതിന് തൊടുപുഴ ഫ്ലൈയിംഗ് സ്ക്വാഡ് ഒ.ആർ.7/2000 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിരുന്നതായും കണ്ടെത്തി.

2) മേൽപ്പറഞ്ഞ കേസുകൾ കൂടാതെ തൊടുപുഴ റെയിഞ്ചിലെ വേളൂർ സെക്ഷനിൽ റിസർവ്വിൽ നിന്നും മരംമുറിച്ചതിന് 08.04.1999 ൽ സെക്ഷൻ സ്റ്റാഫ് മഹസ്സർ തയ്യാറാക്കി തൊടുപുഴ റെയിഞ്ചിൽ ഒ.ആർ.24/99 നമ്പറായി രജിസ്റ്റർ ചെയ്ത കേസിൽ 5000/- രൂപ മാത്രമാണ് നഷ്ടം രേഖപ്പെടുത്തിയിരുന്നത്. തുടർന്ന് തൊടുപുഴ ഫ്ലൈയിംഗ് സ്ക്വാഡ് 04.04.2000 ൽ 3,68,233/- രൂപ നഷ്ടം കാണിച്ച് വെരിഫിക്കേഷൻ മഹസർ തയ്യാറാക്കുകയും ഒ.ആർ.5/2000 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി.

3) മേൽ പരാമർശിച്ച ഒ.ആർ.3/2000, ഒ.ആർ.4/2000, ഒ.ആർ.6/2000, ഒ.ആർ.7/2000, ഒ.ആർ.5/2000 എന്നീ കേസുകളുമായി ബന്ധപ്പെട്ട് കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന് പരാമർശം (2) പ്രകാരം ഫോറസ്റ്റ് ഗാർഡുമാരായ സർവ്വശ്രീ. എൻ.അനിൽ കുമാർ, കെ.കെ.വേലായുധൻ, റ്റി.വി.സോമൻ, കെ.സി.ഐസക് എന്നിവർക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

4) കുറ്റാരോപിതർക്കെതിരെയുള്ള ചാർജ്ജുകൾ:-

(i) അധികാരപരിധിയിൽ വരുന്ന തൊടുപുഴ റിസർവ്വിൽ ഉൾപ്പെട്ട വനം കാത്തു സൂക്ഷിക്കുക എന്ന പ്രഥമവും പ്രധാനവുമായ ചുമതല നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയും അനധികൃത മരം മുറിക്കലിന് വേണ്ട ഒത്താശ ചെയ്തു കൊടുക്കുകയും ചെയ്തു.

(ii) അനധികൃത മരംമുറി തടയാൻ നടപടി സ്വീകരിക്കാതിരിക്കുകയും അവ യഥാസമയം കണ്ടുപിടിച്ച് നിയമ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തു.

(iii) അനാസ്ഥ നിമിത്തം സർക്കാരിന് 14,15,983/- രൂപയുടെ നഷ്ടം സംഭവിച്ചു.

(iv) ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തി.

5) കുറ്റപത്രം ടിയാന്മാർ കൈപ്പറ്റുകയുണ്ടായി. പ്രസ്തുത അച്ചടക്ക നടപടി സംബന്ധിച്ച് കുറ്റാരോപിതർക്ക് തങ്ങളുടെ നിരപരാധിത്വം തെളിയിക്കുന്നതിന് അവസരം നൽകുന്നതിന് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ റൂൾ 15(6) അനുശാസിക്കുന്ന പ്രകാരം കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ.എസ്.രവികുമാറിനെ അന്വേഷണാധികാരിയായും തൊടുപുഴ റെയിഞ്ചാഫീസറായ ശ്രീ.ബി.ഉദയകുമാറിനെ പ്രസന്റിംഗ് ഓഫീസറായും നിയമിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ഔപചാരികാന്വേഷണം പൂർത്തിയാക്കി പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു. ടി റിപ്പോർട്ട് പ്രകാരം കേസുകളുടെ നഷ്ടം താഴെപ്പറയും പ്രകാരം പുനർ നിർണ്ണയം ചെയ്യുകയുണ്ടായി.

| ക്രമനമ്പർ | മഹസർ തീയതി | ഒ.ആർ നമ്പർ | സർക്കാർ നഷ്ടം |
|---|---|---|---|
| 1. | 03.04.2000 | 03/2000 | 3,84,688/- രൂപ |
| 2 | 03.04.2000 | 04/2000 | 31,833/-രൂപ |
| 3. | 04.04.2000 | 05/2000 | 3,68,233/രൂപ |

| | | | |
|---|---|---|---|
| 4. | 08.04.2000 | 06/2000 | 1,86,275/-രൂപ |
| 5. | 13.04.2000 | 07/2000 | 2,50,000/-രൂപ |
| ആകെ | | | 12,21,029/രൂപ |

6) കുറ്റാരോപിതർക്ക് നൽകിയ കുറ്റപത്രത്തിലെ ഒ.ആർ.7/2000 കേസ് പെരിങ്ങാശ്ശേരി സെക്ഷനുമായി ബന്ധപ്പെട്ടതായതിനാൽ ടി കേസിലെ സർക്കാർ നഷ്ടം ടിയാന്മാരിൽ നിന്നും ഒഴിവാക്കാൻ പരാമർശം (5) പ്രകാരം സർക്കാർ നിർദ്ദേശിക്കുകയുണ്ടായി.

7) മേൽ വിവരിച്ച ഒ.ആർ.3/2000, ഒ.ആർ.4/2000, ഒ.ആർ.5/2000, ഒ.ആർ.6/2000 എന്നീ കേസുകളിലായി ആകെ സർക്കാർ നഷ്ടം 9,71,029/- രൂപയായി പുനർ നിർണ്ണയിക്കുകയുണ്ടായി. ടി 9,71,029/- രൂപയിൽ കുറ്റാരോപിതർ ഓരോരുത്തരുടെയും ആനുപാതിക വിഹിതം നിശ്ചയിച്ചത് കുറ്റാരോപിതരുടെ അക്കാലയളവിലെ അടിസ്ഥാന ശമ്പളത്തിന്റെ ശരാശരി കണക്കിലെടുത്താണ്. ഇതിൽ ശ്രീ.റ്റി.വി.സോമന്റെ വ്യക്തിഗത ബാധ്യത 1,31,570/- രൂപയാണ്. ടിയാനിൽ നിന്നും തുക ഈടാക്കിയത് എപ്രകാരമാണെന്ന് ചുവടെ ചേർക്കുന്നു:

ടിയാന്റെ അക്കാലയളവിലെ അടിസ്ഥാന ശമ്പളം 5,520-8,390

അടിസ്ഥാന ശമ്പളത്തിന്റെ ശരാശരി 13910/2 = 6,955/-

ആകെയുള്ളത് 6 കുറ്റാരോപിതർ, 6 കുറ്റാരോപിതരുടെയും

അടിസ്ഥാന ശമ്പളത്തിന്റെ ആകെ ശരാശരി 51,330/-

ആകെ സർക്കാർ നഷ്ടം = 9,71,029/-
ശരാശരി തുക 51,330/- = 18.91737775518

ഇപ്രകാരം ടിയാനിൽ നിന്നും ഈടാക്കേണ്ട

ആനുപാതിക വിഹിതം = 18.91737775518 x 6,955 = 1,31,570/- രൂപ

=========

8) തൊടുപുഴ റെയിഞ്ചിലെ വേളൂർ സെക്ഷനിൽ 2000 കാലയളവിൽ നടന്ന അനധികൃത മരംമുറിക്കലുകൾ സംബന്ധിച്ച് യഥാസമയം കുറ്റകൃത്യങ്ങൾ കണ്ടെത്തി മേൽ നടപടി സ്വീകരിക്കുന്നതിനും കൂടാതെ ടി കേസുകൾ രജിസ്റ്റർ ചെയ്തതിനുശേഷം തെളിവുകൾ ലഭ്യമാക്കി ടി കേസുകൾ കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനും ടിയാനടക്കമുള്ള കുറ്റാരോപിതർ ഗുരുതരമായ കൃത്യവിലോപം വരുത്തി എന്ന് ബോധ്യപ്പെടുന്നു.

9) മേൽ സാഹചര്യത്തിൽ സർക്കാർ നഷ്ടത്തിൽ ശ്രീ.റ്റി.വി.സോമന്റെ വിഹിതമായ 1,31,570/- രൂപ (ഒരു ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അഞ്ഞൂറ്റി എഴുപതു രൂപ മാത്രം) ടിയാന്റെ ഡി.സി.ആർ.ജിയിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം ഈടാക്കാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ടീ നോട്ടീസിന് ടിയാൻ പരാമർശം (7) പ്രകാരം സമർപ്പിച്ച വിശദീകരണങ്ങളിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (8) പ്രകാരം അഭിപ്രായമറിയിച്ചു. അനധികൃത മരംമുറി തടയുവാൻ നടപടി സ്വീകരിക്കാതിരിക്കുക, അത് യഥാസമയം കണ്ടുപിടിച്ച് നിയമ നടപടി സ്വീകരിക്കാൻ വീഴ്ച വരുത്തുക, വനം കാത്തു സൂക്ഷിക്കുന്നതിൽ അലംഭാവം കാട്ടുക എന്നീ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്ത് ടിയാന്റെ മറുപടി തൃപ്തികരമല്ലെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റിപ്പോർട്ട് ചെയ്തു.

10) സർക്കാർ ടി വിഷയം വിശദമായി പരിശോധിക്കുകയും ശ്രീ.റ്റി.വി.സോമൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലായെന്ന് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും സർക്കാർ നഷ്ടത്തിന്റെ വിഹിതമായ 1,31,570/- (ഒരു ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അഞ്ഞൂറ്റി എഴുപതു രൂപ മാത്രം) രൂപ കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം ഈടാക്കുന്നതിന് പരാമർശം (9) പ്രകാരം ഉത്തരവായി.

11) ശ്രീ.റ്റി.വി.സോമൻ, ടിയാന്റെ തടഞ്ഞു വച്ചിരിക്കുന്ന ഡി.സി.ആർ.ജി വിട്ടു നൽകുന്നതിനായി ഫയൽ ചെയ്ത ഒ.എ.488/2016 ലെ പരാമർശം (10) പ്രകാരമുള്ള അന്തിമ വിധി പ്രകാരം ടിയാന്റെ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന്റെ തുടർച്ചയായി ടിയാനിൽ നിന്നും ഈടാക്കുന്ന ആനുപാതിക സർക്കാർ നഷ്ടമായ 1,31,570/- രൂപ ഈടാക്കുവാനുണ്ടായ മാനദണ്ഡം വിശദീകരിച്ചുകൊണ്ടുള്ള പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകി ടിയാനെ നേരിൽ കേൾക്കുന്നതിനും അതിനുശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതിനും കോടതി നിർദ്ദേശിച്ചു.

12) മേൽ സാഹചര്യത്തിൽ, ടി വിഷയത്തിലെ സർക്കാർ നഷ്ടത്തിൽ ടിയാന്റെ ആനുപാതിക വിഹിതമായ 1,31,570/- (ഒരു ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അഞ്ഞൂറ്റി എഴുപതു രൂപ മാത്രം) രൂപ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം ഈടാക്കുന്നതിന് താല്ക്കാലികമായി തീരുമാനിക്കുകയും കോടതിയുടെ നിർദ്ദേശത്തിനനുസൃതമായി ആനുപാതിക നഷ്ടം കണക്കാക്കിയതിന്റെ മാനദണ്ഡം വിശദീകരിച്ചുകൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് പരാമർശം (11) പ്രകാരം നൽകുകയും ചെയ്തു. കോടതി നിർദ്ദേശിച്ചതിൻ പ്രകാരം ടിയാനെ വനം വകുപ്പ് അഡീഷണൽ സെക്രട്ടറി 02.03.2017 ന് നേരിൽ കേട്ടു.

13) ശ്രീ.റ്റി.വി.സോമനെ നേരിൽ കേട്ടതിൽ, മുൻപ് കാരണം കാണിക്കൽ നോട്ടീസിന് സമർപ്പിച്ചിരുന്ന വിശദീകരണത്തിൽ ബോധിപ്പിച്ചിട്ടുണ്ടായിരുന്ന കാര്യങ്ങൾ തന്നെയാണ് ആവർത്തിച്ചത്. കൂടാതെ ഡി.സി.ആർ.ജി.യിൽ നിന്നും ഒരു നിശ്ചിത തുക പിടിച്ചുവച്ച് കൊണ്ടാണ് ബാക്കി തുക നൽകിയതെന്നും ടി വിഷയത്തിൽ കുറ്റാരോപിതരായ വിരമിച്ച മറ്റ് ഉദ്യോഗസ്ഥർക്കെല്ലാം ഡി.സി.ആർ.ജി. നൽകുകയും ടിയാന്മാരിൽ നിന്നും സിവിൽ സ്യൂട്ട് വഴി സർക്കാർ നഷ്ടം ഈടാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്നും സൂചിപ്പിക്കുകയുണ്ടായി. ടിയാൻ പെരിങ്ങാശ്ശേരി സെക്ഷനിൽ ജോലി നോക്കിയിട്ടില്ലായെങ്കിലും കുറ്റപത്രത്തിൽ ടി സെക്ഷനിലെ മരംമുറിയും ഉൾപ്പെടുത്തുകയുണ്ടായെന്നും പറയുകയുണ്ടായി.

14) സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. തൊട്ടുപുഴ റിസർവ്വിൽ ഉൾപ്പെട്ട അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട ഒ.ആർ.കേസുകളിൽ കൃത്യവിലോപം കാട്ടിയെന്നാരോപിച്ചാണ് ടിയാന് കുറ്റപത്രം നൽകിയതെങ്കിലും, ഔപചാരികാന്വേഷണത്തിൽ ടിയാനുൾപ്പെട്ട ഉദ്യോഗസ്ഥരെ പെരിങ്ങാശ്ശേരി സെക്ഷനുമായി ബന്ധപ്പെട്ട കേസിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് കണ്ടെത്തുകയും അതിൻ പ്രകാരം പ്രസ്തുത കേസിൽ നിന്നും ഒഴിവാക്കിക്കൊണ്ടാണ് സർക്കാർ നഷ്ടം ഈടാക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയതും അച്ചടക്ക നടപടി തീർപ്പാക്കിയതും.

15) ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലിന്റെയും ശ്രീ.റ്റി.വി.സോമൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) അനധികൃത മരംമുറി തടയുവാൻ നടപടി സ്വീകരിക്കാതിരിക്കുക, അത് യഥാസമയം കണ്ടുപിടിച്ച് നിയമ നടപടി സ്വീകരിക്കാൻ വീഴ്ച വരുത്തുക, വനം കാത്തു സൂക്ഷിക്കുന്നതിൽ അലംഭാവം കാട്ടുക എന്നീ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ് ടിയാനെതിരെയുള്ള അച്ചടക്ക നടപടി ടിയാന്റെ ഡി.സി.ആർജി. യിൽ നിന്നും ടി വിഷയത്തിലെ സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 1,31,570/- രൂപ കേരള

സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം ഈടാക്കുന്നതിന് പരാമർശം (9) പ്രകാരം ഉത്തരവായത്. ടി ഉത്തരവാകുന്നതിന് മുൻപ് തന്നെ ടിയാന് ഡി.സി.ആർ.ജിയും അനുവദിച്ച് കിട്ടിയിട്ടുണ്ട്. ടിയാനിൽ നിന്നും ഈടാക്കേണ്ട സർക്കാർ നഷ്ടം തടഞ്ഞു വച്ചുകൊണ്ട് ബാക്കി തുക മുഴുവൻ ടിയാന് ഡി.സി.ആർ.ജി.യിനത്തിൽ നൽകിയിട്ടുമുണ്ട്. ഈ വിഷയത്തിൽ ഉൾപ്പെട്ട മറ്റ് കുറ്റാരോപിതരിൽ നിന്നും, ആനുപാതിക നഷ്ടം ഈടാക്കാൻ ഉത്തരവായിട്ടുണ്ട്. ആനുപാതിക നഷ്ടം നിശ്ചയിച്ച രീതി കൃത്യമായും ടിയാനെ അറിയിച്ചിട്ടുമുണ്ട്. യാതൊരു വിവേചനവും ശിക്ഷണാധികാരി കുറ്റാരോപിതർക്കിടയിൽ വരുത്തിയതായി കാണുന്നില്ല.

16) മേൽ സാഹചര്യത്തിൽ ശ്രീ.റ്റി.വി.സോമനെ നേരിൽ കേട്ടതിന്റെയും പ്രസ്തുത സമയത്ത് സമർപ്പിച്ച മറുപടിയുടെയും അടിസ്ഥാനത്തിൽ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും സർക്കാർ നഷ്ടത്തിന്റെ വിഹിതമായ 1,31,570/- രൂപ കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം ഈടാക്കിക്കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി, തീർപ്പാക്കിയ നടപടി പുന:പരിശോധിക്കേണ്ടതായ യാതൊരു വസ്തുതകളും നിലവിലില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ശിക്ഷ നിലനിർത്തിക്കൊണ്ട് ബഹു.കോടതിയുടെ പരാമർശം (10) ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അനിൽകുമാർ ജി
അഡീഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.റ്റി.വി.സോമൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) (അഡീഷണൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ചീഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ